# വനിത ഇരുചക്രറാലി നടത്തി.




റോഡ് സുരക്ഷ വാരാഘോഷത്തോടു അനുബന്ധിച്ച് എറണാകുളം റൂറൽ പോലീസും ആലുവ സെന്റ് സേവ്യേഴ്സ് വനിത കോളേജ് NCC യൂണിറ്റും, NSS യൂണിറ്റും സംയുക്തമായി നടത്തിയ വനിത ഇരുചക്രറാലി എറണാകുളം റൂറൽ ജില്ല അഡീഷണൽ എസ്സ്. പി എം. ജെ സോജൻ ഉത്ഘാടനം ചെയ്തു. ആലുവ ഡി.വൈ.എസ്സ്.പി ജി. വേണു ചടങ്ങിൽ സന്നിധനായിരുന്നു.

റോഡിൽപാലിക്കേണ്ട റോഡ് നിയമങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുയായിരുന്നു റാലിയുടെ മുഖ്യ ഉദ്ദേശം. ആലുവ സെന്റ് സേവ്യേഴ്സ് വനിത കോളേജിൽനിന്നും അധ്യാപകരും, വിദ്യാർഥ്നികളും ഉൾപ്പെടെ 100 ഓളം പേർ പങ്കെടുത്ത ഇരുചക്രറാലി ആലുവ ടൌൺ ചുറ്റി കോളേജിൽ സമാപിച്ചു. ആലുവ സെന്റ് സേവ്യേഴ്സ് കോളേജ് പ്രിൻസിപ്പാൾ, ആലുവ സി.ഐ വി.എസ്സ് നവാസ്., ട്രാഫിക് എസ്സ്.ഐ അബ്ദുൾ കരിം. വനിത എസ്സ്.ഐ എന്നിവർ റാലിക്ക് നേതൃത്വം നൽകി.